**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

**വഞ്ചിയൂർ പി ഒ, തിരുവനന്തപുരം പിൻ – 695035**

**ഫോൺ. 0471-2302490, 2303025**

**ഇ മെയിൽ: dhskerala.hlth@kerala.gov.in വെബ്സൈറ്റ് : www.dhs.kerala.gov.in**

---

**തിരുവനന്തപുരം, ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

വിഷയം:- ആരോഗ്യവകുപ്പ് – ഡോ. മനോജ് ഒ പി, അസിസ്റ്റന്റ് സർജൻ, പ്രാഥമികാരോഗ്യ കേന്ദ്രം ഉദയഗിരി - അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നതിനാൽ സേവനത്തിൽ നിന്നും നീക്കം ചെയ്ത സർക്കാർ ഉത്തരവ്- കാരണം കാണിക്കൽ നോട്ടീസ് റദ്ദാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. സ ഉ (കൈ) നം 208/2020/ആകുവ തീയതി 09.111.2020
2. കാരണം കാണിക്കൽ നോട്ടീസ് നം DHS/10000/2025-A4 തീയതി. 14.08.2025.
3. ഡോ മനോജ് എം പി സമർപ്പിച്ച അപേക്ഷ തീയതി 01.09.2025
4. നം എ5/15988/2018/ജിമെആ കണ്ണൂർ 22.10.2018

**ഉത്തരവ് നം. DHS/10000(5)/2025-EA4 തീയതി.31-12-2025**

ആരോഗ്യവകുപ്പിൽ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്ന മെഡിക്കൽ ഓഫീസർമാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി പരാമർശം (2) പ്രകാരം 93 പേർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. കണ്ണൂർ ഉദയഗിരി പ്രാഥമികാരോഗ്യകേന്ദ്രത്തിൽ നിന്നും 14.09.2018 മുതൽ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിന്ന ഡോ മനോജ് ഒ പി (Dr Manoj O P) അസിസ്റ്റന്റ് സർജന്റെ പേര് ടി പട്ടികയിലെ ക്രമ നം 67 ആയി ഉൾപ്പെട്ടിരുന്നു. പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം ഡോ മനോജ് ഒ പി യെ സർവ്വീസിൽ നിന്നും

നീക്കം ചെയ്ത് സർക്കാർ ഉത്തരവായിരുന്നതായി ഇപ്പോൾ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു.

ടി സാഹചര്യത്തിൽ, അനധികൃതമായി സേവനത്തിൽ നിന്നും വിട്ടുനിന്നതിന്റെ ഭാഗമായി പരാമർശം (2) പ്രകാരം വീണ്ടും നൽകിയിട്ടുള്ള കാരണം കാണിക്കൽ നോട്ടീസിൽ നിന്നും ഡോ മനോജ് ഒ പി (Dr Manoj O P) അസിസ്റ്റന്റ് സർജന്റെ പേര് നീക്കം ചെയ്ത് ടിയാനെതിരെയുള്ള പ്രസ്തുത നോട്ടീസ് റദ്ദാക്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു. തിരികെ സേവനത്തിൽ പ്രവേശിപ്പിക്കണമെന്ന ടിയാളുടെ പരാമർശം (3) ലെ അപേക്ഷ നിരസിച്ചും ഉത്തരവാകുന്നു.

Signed by
Reena K J
Date: 31-12-2025 16:07:54

**Dr REENA K J**

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

ഡോ മനോജ് ഒ പി,

വിപഞ്ചിക, പട്ടം,

തിരുവനന്തപുരം- 695004 (പരാമർശം (1) ന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,
തിരുവനന്തപുരം.

2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),
കണ്ണൂർ.

3. മെഡിക്കൽ ഓഫീസർ ഇൻ ചാർജ്ജ്,
പ്രാഥമികാരോഗ്യ കേന്ദ്രം ഉദയഗിരി കണ്ണൂർ.
(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)

4. ഫയൽ

**കേരളസർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് -ആരോഗ്യ വകുപ്പ് - ജീവനക്കാര്യം- അനധികൃതമായി സർവ്വീസിൽ നിന്നും വിട്ടുനിൽക്കുന്ന ഡോ. മനോജ് ഒ.പി യെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത്- ഉത്തരവാകുന്നു.

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

**സ.ഉ (കൈ)208/2020/ആകുവ** തീയതി, തിരുവനന്തപുരം, 09/11/2020

പരാമർശം:-1) 29.12.2018 തീയതിയിലെ 570/എ 3/2018/ആകുവ നമ്പർ സർക്കുലർ

2. 22.11.2019 തീയതിയിലെ 570/എ 3/2018/ആകുവ നമ്പർ സർക്കുലർ
3. 24.01.2020 തീയതിയിലെ 570/എ 3/2018/ആകുവ കാരണം കാണിക്കൽ നോട്ടീസ്
4. 07.09.2020 തീയതിയിലെ ഹെൽത്ത് എ 3/570/2018 നമ്പർ അർദ്ധ ഔദ്യോഗിക കത്ത്.
5. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 01.10.2020 തീയതിയിലെ എ 1-1/66/2020-കെ.പി.എസ്.സി നമ്പർ കത്ത്.

**ഉത്തരവ്**

പ്രകൃതി ദുരന്ത ദുരിതാശ്വാസ പ്രവർത്തനങ്ങൾ, പകർച്ച വ്യാധി നിയന്ത്രണം എന്നീ മേഖലകളിൽ കൂടുതൽ മികവുറ്റ ആരോഗ്യ സേവന ദൗത്യങ്ങൾ നിർവ്വഹിക്കുന്നതിന് ആരോഗ്യ കുടുംബക്ഷേമവകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ നിയമിതരായ ഒരു വിഭാഗം ജീവനക്കാരുടെ അനധികൃത ഹാജരില്ലായ്മ പ്രതിബന്ധങ്ങൾ സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന്, ഇത്തരത്തിൽ വിട്ടുനിൽക്കുന്ന ജീവനക്കാർക്ക് സർവ്വീസിൽ പ്രവേശിക്കുന്നതിന് അവസരം നൽകിക്കൊണ്ട് പരാമർശം (1) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു. ഇതുസംബന്ധിച്ച അറിയിപ്പ് ദൃശ്യ മാധ്യമങ്ങളുൾപ്പെടെയുള്ള മാധ്യമങ്ങളിലും നൽകിയിരുന്നു. തുടർന്ന് ചില ജീവനക്കാർ സർവ്വീസിൽ പ്രവേശിച്ചിരുന്നു. തുടർന്ന് പരാമർശം (2) പ്രകാരം വീണ്ടും സർവ്വീസിൽ നിന്നും വിട്ടുനിൽക്കുന്നവർക്ക്, സർവ്വീസിൽ പ്രവേശിക്കുന്നതിന് ഒരവസരം കൂടെ നൽകിയിരുന്നു.

(2) ജീവനക്കാർ സർവ്വീസിൽ നിന്നും വിട്ടുനിൽക്കുന്നത് വകുപ്പിന്റെ പ്രവർത്തനത്തെ താറുമാറാക്കുകയും ജനങ്ങൾക്ക് അർഹമായ സേവനം ലഭ്യമാക്കുന്നതിന് തടസമാകുകയും കൂടാതെ ഇത്തരം ജീവനക്കാരെ സർവ്വീസിൽ

തുടരാനനുവദിക്കുന്നത് സേവനതൽപരായ അർഹരായ ഉദ്യോഗാർത്ഥികൾക്ക് അവസരം നഷ്ടപ്പെടുത്തുന്നതിന് ഇടയാക്കുകയും ചെയ്യുന്നുണ്ട്. ഒരു വർഷത്തെ ഇടവേളയ്ക്കുള്ളിൽ രണ്ട് തവണ അവസരം നൽകിയിട്ടും, സർവ്വീസിൽ പ്രവേശിക്കുന്നതിന് തയ്യാറാകാത്ത ജീവനക്കാരെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് ഭരണഘടനയുടെ ആർട്ടിക്കിൾ 311(2)(ബി) പ്രകാരവും 1960 ലെ കെസിഎസ്(സിസി&എ) ചട്ടം 18(ii) എന്നിവ പ്രകാരവും താല്ക്കാലിക തീരുമാനം കൈക്കൊള്ളുകയുണ്ടായി.

(3) നിരന്തരമായ പ്രകൃതിക്ഷോഭങ്ങളും പകർച്ചവ്യാധികളും മൂലം അടിയന്തിര ആതുരസേവനം അത്യന്താപേക്ഷിതമായ ഒരു സമൂഹത്തിൽ ആതുര ശുശ്രൂഷാ രംഗത്ത് പ്രവർത്തിക്കുന്ന മെഡിക്കൽ ഓഫീസർമാർ അടക്കമുളളവരുടെ അച്ചടക്കമില്ലായ്മയും അനധികൃത ഹാജരില്ലായ്മയും ഒട്ടനവധി പ്രതിബന്ധങ്ങൾ സൃഷ്ടിക്കുന്നു. അനധികൃതമായി സർവ്വീസിൽ നിന്നും വിട്ടുനിൽക്കുന്ന മേൽവിഭാഗം ജീവനക്കാരെ പിരിച്ചുവിട്ടുകൊണ്ടല്ലാതെ പ്രസ്തുത തസ്തികകളിൽ പകരം നിയമനം നടത്താനാവില്ല. 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 വിവക്ഷിക്കുന്ന സുദീർഘമായ അച്ചടക്ക നടപടിക്രമങ്ങളിലെ വ്യവസ്ഥാനുക്രമങ്ങൾ പാലിച്ച് ഇത്തരക്കാരെ ഒഴിവാക്കി പകരം നിയമനം നടത്തിയതിന് ശേഷം മാത്രമേ പൊതുജനത്തിന് ആരോഗ്യ സേവനം നൽകാനാകു എന്നു വരുന്നത് ആരോഗ്യ സേവനം നിഷേധിക്കുന്നതിന് തുല്യമാകുന്നതും സമൂഹതാൽപര്യത്തിന് വിരുദ്ധവുമാണ്. ആയതിനാൽ, അടിയന്തിര സാഹചര്യം കണക്കിലെടുത്ത്, മേൽ ചട്ടപ്രകാരമുളള അന്വേഷണോദ്യോഗസ്ഥന്റെ നിയമനവും അന്വേഷണവും നേരിൽ കേൾക്കലും മുതലായ വ്യവസ്ഥകൾ ഇക്കാര്യത്തിൽ പ്രായോഗികമല്ല എന്നു കാണുന്നു. മേൽ സാഹചര്യത്തിലാണ്, ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 311(2)(ബി) അധികാരപ്പെടുത്തും വിധം 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിവും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 18(ii) പ്രകാരം അത്തരം വിഭാഗം ജീവനക്കാരെ സർവ്വീസിൽ നിന്നും നീക്കം ചെയ്യാൻ താൽക്കാലിക തീരുമാനം കൈക്കൊണ്ടത്.

(4) തുടർന്ന്, മേൽപ്പറഞ്ഞ ജീവനക്കാരെ സർവ്വീസിൽ നിന്നും പിരിച്ചുവിടാതിരിക്കാൻ കാരണം കാണിക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള പരാമർശം (3) പ്രകാരമുള്ള കാണം കാണിക്കൽ നോട്ടീസ് **2020 ഫെബ്രുവരി ആറാം തീയതിയിലെ മാതൃഭൂമി പത്രത്തിലും The New Indian Express പത്രത്തിലും 07/02/2020 തീയതിയിലെ ദേശാഭിമാനി പത്രത്തിലും** പ്രസിദ്ധീകരിക്കുകയും, തുടർന്ന് പ്രസ്തുത കാരണം കാണിക്കൽ നോട്ടീസിലുൾപ്പെട്ട ഓരോ ജീവനക്കാരന്റെയും ലഭ്യമായ മേൽവിലാസത്തിൽ വ്യക്തിഗത കാണം കാണിക്കൽ നോട്ടീസ് അയച്ചുകൊടുക്കുകയും ചെയ്യുകയുണ്ടായി.

(5) മേൽപ്പറഞ്ഞ കാരണം കാണിക്കൽ നോട്ടീസിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഡോ. മനോജ്. ഒ.പി സമർപ്പിച്ച വിശദീകരണത്തിൽ, താൻ 14/09/2019 മുതൽ അനധികൃതാവധിയിലാണെന്നും Earned Leave - ന് അപേക്ഷിച്ചെങ്കിലും കിട്ടിയില്ലെന്നും തന്റെ കുടുംബം എറണാകുളത്താണെന്നും കണ്ണൂരിൽ ജോലി ചെയ്യുന്നത്

ബുദ്ധിമുട്ടായതാണ് അനധികൃതാവധിയിലായതിന് കാരണമെന്നും സർവ്വീസിൽ പുന:പ്രവേശിക്കാൻ തയ്യാറാണെന്നും അറിയിച്ചിരിക്കുന്നു. സ്റ്റേറ്റ് സർവ്വീസ് ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ സംസ്ഥാനത്തെവിടെയും ജോലിചെയ്യാൻ ബാധ്യസ്ഥനാണെന്നിരിക്കെ എറണാകുളം ജില്ലക്കാരനായ തന്നെ കണ്ണൂരിൽ നിയമിച്ചതിനാൽ സർവ്വീസിൽ നിന്നും വിട്ടുനിന്നു എന്ന തികച്ചും ബാലിശമായ മറുപടിയാണ് സമർപ്പിച്ചിരിക്കുന്നത്. വിശദീകരണം അംഗീകരിക്കാനാകാത്തതിനാൽ നടപടി തുടരുന്നതിന് താൽക്കാലികമായി തീരുമാനിക്കുകയും ഈ വിഷയത്തിൽ പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം സർക്കാർ പരാമർശം (4) പ്രകാരം ആരായുകയുമുണ്ടായി . തുടർന്ന് പബ്ലിക് സർവ്വീസ് കമ്മീഷൻ പരാമർശം (5) പ്രകാരം ഉപദേശം ലഭ്യമാക്കുകയുണ്ടായി . കമ്മീഷനും സർക്കാരിന്റെ താല്ക്കാലിക തീരുമാനത്തോട് യോജിക്കുകയും അപ്രകാരം സർക്കാരിനെ ഉപദേശിക്കുകയും ചെയ്തിരിക്കുന്നു .

(6) മേൽപ്പറഞ്ഞ സാഹചര്യത്തിൽ, ഭരണഘടനയുടെ ആർട്ടിക്കിൾ 311 2( ബി ) അധികാരപ്പെടുത്തും പ്രകാരം കെസിഎസ് ( സിസി & എ ) ചട്ടം 18(ii) അനുസരിച്ച് ഉദയഗിരി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ അസിസ്റ്റന്റ് സർജനായിരിക്കേ 14.09.2018 മുതൽ അനധികൃതമായി സർവ്വീസിൽ നിന്നും വിട്ടുനിൽക്കുന്ന ഡോ. മനോജ്. ഒപി യെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് സർക്കാർ കൈക്കൊണ്ട താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തിക്കൊണ്ട് ഉടൻ പ്രാബല്യത്തിൽ വരത്തക്കവിധത്തിൽ ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു . കൂടാതെ മേൽപ്പറഞ്ഞ മെഡിക്കൽ ഓഫീസർ സർവ്വീസ് ക്വാട്ടായിൽ ഉപരിപഠനം നടത്തിയിട്ടുണ്ടെങ്കിൽ ടിയാനിൽ നിന്ന് ബോണ്ട് പ്രകാരമുള്ള തുക, സർക്കാരിനു വരുത്തിയിട്ടുള്ള ബാധ്യതകൾ എന്നിവ ഈടാക്കുന്നതിന് റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർ അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണെന്നും ഇതിനാൽ ഉത്തരവാകുന്നു .

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**കെ. നന്ദകുമാർ,**

**അഡീഷണൽ സെക്രട്ടറി**

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖക്കത്ത് സഹിതം )
ആരോഗ്യ വകുപ്പ ഡയറക്ടർ,തിരുവനന്തപുരം
എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും (ആവശ്യ മുഖേന)
ഡോ. മനോജ് ഒ പി , വിപഞ്ചിക ,പട്ടം തിരുവനന്തപുരം 695004
വെബ് &ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിന് )
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( എ&ഇ/ഓഡിറ്റ് ),കേരള,തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ